മുതലാളിമാരെ സഹായിക്കുന്നതിന്റെയും ഫലമായി ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികളും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ആർ., എസ്. ഉണ്ണി, കെ. ആർ. ചന്ദ്രമോഹനൻ, വി. സി. കബീർ, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ചു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കൂടുതൽ വിവരങ്ങൾ ശേഖരിച്ച് നാളെ മറുപടി പറയാം.

ശ്രീ. ബേബിജോൺ : സർ, ഇത് നല്ല കീഴ്വഴക്കമല്ല. അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയാൽ പ്രമേയം മൂവ് ചെയ്തിട്ട് ചർച്ച ചെയ്യാമോ ഇല്ലയോ എന്നു പറയണം. നാളെ മറുപടി പറയുന്നത് ശരിയല്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ചർച്ച നാളെ വേണമെങ്കിൽ ആകാം.

ശ്രീ. കെ. കരുണാകരൻ : സർ, ഇന്ന് കാലത്താണ് നോട്ടീസ് കിട്ടിയത്. ഇതിന് വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആ വിവരങ്ങൾ ശേഖരിച്ച് ഇത് സംബന്ധിച്ചുള്ള വിശദീകരണം നാളെ സഭയ്ക്ക് തരാം.

മി. സ്പീക്കർ : ഏതായാലും നാളെ ഇത് എടുക്കാവുന്നതാണ്. നാളെ ഇത് റയിസ് ചെയ്താൽ മതി. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നാളെ വിശദീകരണം തരും.

ശ്രീ. കെ. കരുണാകരൻ : ടെലഫോൺ വർക്ക് ചെയ്യാത്തതുകൊണ്ട് ഇൻഫർമേഷൻ കളക്ട് ചെയ്യാൻ സാധിച്ചില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ടെലഫോൺ, ടെലക്സ് ഇവയൊന്നും ഇല്ലെന്നുള്ള പ്രത്യേക സാഹചര്യത്തിൽ ഇങ്ങനെ ചെയ്യാം എന്നല്ലാതെ ഇത് ഒരു കീഴ്വഴക്കമാകാൻ പാടില്ല.

മി. സ്പീക്കർ : ഇത് ഒരു കീഴ്വഴക്കമായിട്ടല്ല. ഇന്ന് മുഖ്യമന്ത്രി പറഞ്ഞതിൽ ഒരു പോയിന്റുണ്ട്. കാരണം ഇൻഫർമേഷൻ ശേഖരിക്കാൻ ബന്ധപ്പെട്ട ആളുകളെ ഫോണിൽ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. എനിക്കുതന്നെ പലപ്പോഴും ടെലഫോണിൽ കിട്ടുന്നില്ല. ഇതിനു പ്രയാസം ഉണ്ടാകുന്നു. അതുകൊണ്ട് ഇതൊരു കീഴ്വഴക്കമായിട്ടല്ല. ഇതു സംബന്ധിച്ച വിശദീകരണം നാളെ പറയുന്നതാണ്.

III ശ്രദ്ധ ക്ഷണിക്കൽ

(1) കേരള ലൈവ് സ്റോക്ക് ഡെവലപ്പ്മെന്റ് ആൻഡ് മിൽക്ക് മാർക്കറ്റിംഗ് ബോർഡിലുണ്ടായിരുന്ന ഒരു വിഭാഗം ജീവനക്കാരുടെ സേവന-വേതന പ്രശ്നങ്ങൾ

ശ്രീ. ഇ. പത്മനാഭൻ : സർ, കേരളാ ലൈവ്സ്റോക്ക് ഡെവലപ്പ്മെന്റ് ആൻഡ് മിൽക്ക് മാർക്കറ്റിംഗ് ബോർഡ്, മിൽമ എന്നാണ് അറിയപ്പെടുന്നത്. ഇപ്പോൾ മിൽമ എന്ന പേരിൽ മാർക്കറ്റിംഗ് ഫെഡറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പാൽ വിതരണം നടത്തുന്നുണ്ട്. യഥാർത്ഥത്തിൽ 25 കൊല്ലത്തേക്കു മുൻപ് നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെൻറും, ഡയറി ഡെവലപ്പുമെൻറ് ഡിപ്പാർട്ടുമെൻറും അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറും ചേർത്ത് സ്വിസ്സ് ഗവൺമെൻറിൻെറ സഹായത്തോടുകൂടി നമ്മുടെ കന്നുകാലി സമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടിയും നന്നാക്കുന്നതിനുവേണ്ടിയും തുടങ്ങിയ ഒരു ശ്രമത്തിൻെറ ഫലമായി ഉണ്ടായ ഇൻഡോ-സ്വിസ്സ് പ്രോജക്ടിലൂടെയാണ് ഇതിൻെറ ആരംഭം. അന്ന് ഗവൺമെൻറ് ജീവനക്കാരായിരുന്ന കുറെ ജീവനക്കാരെയും ഉദ്യോഗസ്ഥൻമാരെയുമെല്ലാം ചേർത്തുകൊണ്ട് ഉണ്ടാക്കിയ ഒരു സ്ഥാപനമായിരുന്നു. പിന്നീട് അത് കേരളാ സർവ്വീസ് റൂളുകളും മറ്റും അനുസരിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻെറ പരിധിയിൽ നിർത്തിക്കൊണ്ട് മറെറാരു ഡിപ്പാർട്ടുമെൻറായിട്ടുതന്നെ ഇൻഡോ-സ്വിസ്സ് പ്രോജക്ട് വർക്ക് ചെയ്തിരുന്നു. ആവശ്യമായ സാങ്കേതിക ജീവനക്കാരെ പലപ്പോഴും താല്ക്കാലികാവശ്യത്തിനുവേണ്ടി ഈ ബോർഡ് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്താറുണ്ടായിരുന്നു. സ്വിസ്സ് പ്രോജക്ട് ആരംഭിച്ചതോടുകൂടി വന്നിട്ടുള്ള കാറിൽ ഫാമുകളിലും ഫീഡർ ഫാമുകളിലും ആവശ്യമായ ഫാം തൊഴിലാളികളെ പ്രത്യേകമായി നിയമിച്ചിരുന്നു. ഗവൺമെൻറിൻെറ ഫാം വർക്കേഴ്സിന് നൽകിയിരുന്ന സേവന വ്യവസ്ഥകളും അവർക്കും നൽകുകയെന്നതായിരുന്നു ഇതിൻെറ പതിവ്. അവിടെനിന്നുമാണ് ധവളവിപ്ലവം എന്നു പറയുന്ന അപകടം ആരംഭിച്ചത്. അതോടുകൂടി ഇൻഡോ-സ്വിസ്സ് പ്രോജക്ടിൽ ക്ഷീര വിപണന വിഭാഗം മാറിയിട്ട് കേരള ലൈവ് സ്റോക്ക് ഡെവലപ്പ്മെൻറ് ആൻറ് മിൽക്ക് മാർക്കറിംഗ് ബോർഡാക്കി മാറുകയും ആ ബോർഡ് വീണ്ടും ഇപ്പോൾ വിഭജിച്ച് മിൽക്ക് മാർക്കറിംഗ് എന്നുള്ള നിലയ്ക്കും, കോ-ഓപ്പറേറീവ് മിൽക്ക് മാർക്കറിംഗ് ഫെഡറേഷൻ എന്നുള്ള നിലയ്ക്കും ആക്കിയിരിക്കുന്നു. ഒട്ടേറെ ചില്ലിംങ് പ്ലാൻറുകളും അതുപോലുള്ള സ്ഥാപനങ്ങളും ഡയറിയുടെ കീഴിലേക്ക് മാറി എന്നുള്ള കുറെ കാറിൽ ഫാമുകളും അതുപോലുള്ള സ്ഥാപനങ്ങളുമായിട്ട് നമ്മുടെ ഡിപ്പാർട്ടുമെൻറിനാവശ്യമായ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സ്വരൂപിക്കുകയും അതു അയച്ചു കൊടുക്കുകയും ചെയ്യുന്ന പ്രവർത്തനം നടത്തുകയാണ്. സർ, ഈ രംഗത്ത് ഇപ്പോൾ സംഭവിച്ചിരിക്കുന്നത് ഗവൺമെൻറ് ജീവനക്കാരായി റിക്രൂട്ട് ചെയ്ത ആളുകൾ ഒരിക്കൽ ആ പ്രോജക്ടിലെ ജീവനക്കാരായി മാറിക്കഴിഞ്ഞു. അതിനുശേഷം കെ.എൽ.ഡി.എം.എം.-ലെ ബോർഡിലെ ജീവനക്കാരായി. അതിലൊരു വിഭാഗം മിൽക്ക് മാർക്കറിംഗ് ഫെഡറേഷൻെറ സഹകരണ സ്ഥാപനത്തിലേക്ക് പോയി. മറെറാരു വിഭാഗം ആംക്കാർ കേരളാ ലൈവ്സ്റോക്ക് ബോർഡിൻെറ കീഴിൽ നിലവിലുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു സൊസൈറ്റി രൂപീകരിച്ച് സൊസൈറ്റിയുടെ ജീവനക്കാരായി മാറാൻ പോകുന്നുവെന്നാണ് അറിയുന്നത്. തിരുവിതാംകൂർ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് ഒരു സൊസൈറ്റി ഉണ്ടാക്കി അതിലേയ്ക്ക് മാറാൻ പോകുന്നുവെന്നാണ് പറഞ്ഞു കേൾക്കുന്നത്. കഴിഞ്ഞ രണ്ടു കൊല്ലക്കാലമായി ഈ ബോർഡിൽ എന്തോ മാറ്റം വരാൻ പോകുന്നുവെന്നു പറഞ്ഞു. പക്ഷെ 25 കൊല്ലക്കാലമായി അവിടെനിന്നും വിട്ട ജീവനക്കാർക്ക് മുമ്പ് ഉണ്ടായിരുന്ന ആനുകൂല്യങ്ങളെങ്കിലും നഷ്ടപ്പെടാതെ, ഗവൺമെൻറ് ജീവനക്കാർ എന്നുള്ള നിലയിൽ അവരുടെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനുവേണ്ടിയുള്ള യാതൊരു സംവിധാനവും ഈ ഇടക്കാലത്ത് ഉണ്ടായിട്ടില്ല. പുതിയ മാറ്റത്തിനു മുമ്പ് എന്തെങ്കിലും ഒന്ന് ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന് പറഞ്ഞ് പല വട്ടം ചർച്ച ചെയ്യാൻ ബോർഡ് ഉദ്യോഗസ്ഥൻമാരുടെ അടുത്ത് പോയതല്ലാതെ കഴിഞ്ഞ 4 വർഷക്കാലം അഞ്ചോ, ആറോ നിവേദനം നടത്തിയിട്ട് ബഹുമാനപ്പെട്ട മന്ത്രി ഒരു ചർച്ചയ്ക്കോ അതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഒന്ന്. പഠിക്കാൻ പോലുമോ തയ്യാറായില്ല. അദ്ദേഹം റിട്ടയർ ചെയ്താലും മന്ത്രിയായി തുടരും. എന്നാൽ 55 വയസ്സ് കഴിഞ്ഞ് റിട്ടയർ ചെയ്തവർക്ക് പെൻഷൻ ഉണ്ടോ എന്നറിയാതെ ഇപ്പോഴും അലഞ്ഞു തിരിഞ്ഞു നടക്കുകയാണ്. അദ്ദേഹത്തിന്റെ ഓഫീസിലും ഇന്നും ഇന്നലെയുമായി ഒരാൾ റിട്ടയർ ചെയ്തു കഴിഞ്ഞിട്ട് പെൻഷൻ ഉണ്ടോ ഇല്ലയോ എന്നറിയാൻവേണ്ടി കയറിയിറങ്ങുന്നുണ്ട്. ഇത്ര അനാസ്ഥയും ഇത്ര കൊള്ളരുതായ്മയുമാണ് ഈ വകുപ്പു കാണിക്കുന്നത്. ജീവിതകാലം മുഴുവൻ ജോലിചെയ്ത്, മറ്റു ജീവനക്കാർക്കൊപ്പം ആനുകൂല്യങ്ങൾ കിട്ടാൻവേണ്ടി ഇപ്പോൾ മന്ത്രിമാരുടെ ഓഫീസിൽ കയറിയിറങ്ങണം. അതിനു കുറെ മധ്യസ്ഥൻമാരെയും കൊണ്ടു നടക്കണം. അവർക്ക് ഫീസ് കൊടുക്കണം. ആ ഒരവസ്ഥയിൽ എത്തിക്കഴിഞ്ഞു. കൂനിൻമേൽ കുരുവെന്ന നിലയിലാണ് ജീവനക്കാരെ സൊസൈറ്റിയിലേക്ക് മാറ്റുന്നത്. ഇവിടെ സൊസൈറ്റിയൊന്നും വേണ്ട. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് എന്ന നിലയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടാക്കണം. അതല്ലെങ്കിൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാക്കിക്കൊണ്ട് ജീവനക്കാർക്ക് കാലാകാലങ്ങളിലെ സർവ്വീസിനും ഇനിയുള്ള സർവ്വീസിനും എന്തായിരിക്കും സ്ഥിതിയെന്ന് ഉറപ്പു കൊടുക്കണം. അതിൽ ഇപ്പോഴും നടക്കുന്നത് അഗ്രിക്കൾച്ചറിലെയും ആനിമൽ ഹസ്ബന്ഡറിയിലെയും കുറെ ഓഫീസർമാരും ഡെപ്യൂട്ടി ഡയറക്ടർമാരും ജോയിന്റ് ഡയറക്ടർമാരുമെല്ലാംകൂടി അഗ്രിക്കൾച്ചറാണോ മേധാവിത്വം വഹിക്കേണ്ടത്, അനിമൽഹസ്ബന്ഡറിയാണോ മേധാവിത്വം വഹിക്കേണ്ടത് എന്ന് തീരുമാനമാകാതെ കിടക്കുകയാണ്. എന്തായാലും ബോർഡ് കൂടിയാൽ തീരുമാനമാകും. രണ്ടുവിഭാഗം ആൾക്കാർക്കും ആവശ്യമായ തസ്തികകൾ കൊടുക്കും. കുറെ ആൾക്കാരെ സ്വീഡനിലേക്കും മറ്റു കുറെ ആൾക്കാരെ സിറ്റസർലൻഡിലേക്കും ട്രെയിനിംഗിന് വിടാൻ തീരുമാനിച്ചു. അവർ വരുന്നതുവരെ തകരാറ് ഒന്നുമുണ്ടാവുകയില്ല. അവർ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് പഠിച്ചാലും പഠിച്ചില്ലെങ്കിലും തിരിച്ചു വരികയും സ്വന്തം ഡിപ്പാർട്ടുമെന്റിൽ പ്രൊമോഷൻ അടുത്തുതന്നെ ഉണ്ടാകുമെന്ന് കണ്ട് തിരിച്ചു പോകുകയും ചെയ്യും. ഇങ്ങനെ ഡിപ്പാർട്ടുമെന്റും അതിന്റെ സ്ഥാപനങ്ങളും നശിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ സംരക്ഷിക്കാൻ യാതൊരു ഏർപ്പാടുമില്ല. ഈ രീതിയിൽ കുറെ മേധാവികളുടെ കൊള്ള അല്ലാതെ അവിടെ യാതൊന്നും നടക്കുന്നില്ല. ഏതായാലും ജീവനക്കാരുടെ സ്ഥിതി അത്യാപൽക്കരമായ ഒരവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും ആ ജീവനക്കാർക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ വ്യക്തമായൊരു തീരുമാനമെടുക്കുന്നതിന് ഗവൺമെന്റ് യാതൊരു താൽപര്യവും കാണിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സിവിൽ സർവ്വീസിന്റെ ചാർജുള്ള ആളാണ്. ജീവനക്കാരെ ഇങ്ങനെ മറ്റു പല സ്ഥാപനങ്ങളിലേക്കും മാറ്റി, ഉടമസ്ഥനില്ലാതെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തി, പെൻഷൻ ആനുകൂല്യങ്ങൾ ഇല്ലാതാക്കി, ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും ഇല്ലാതാക്കി നരകിക്കുന്ന ഒരവസ്ഥയിൽ നിന്നും എന്തെങ്കിലും അടിയന്തിര പരിഹാരമുണ്ടാക്കാൻ മുൻകൈ എടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, 1963-ൽ ആരംഭിച്ച ഇൻഡോ-സ്വിസ്സ് പ്രോജക്ടിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം 1974-ൽ അതൊരു താല്ക്കാലിക സ്ഥാപനമായി മാറ്റപ്പെട്ടു. 1976-ൽ കെ. എൽ. ഡി. ആൻഡ് എം. എം. ബോർഡിന് രൂപം കൊടുത്തു. ഇൻഡോ-സ്വിസ്സ് പ്രോജക്ടും ഡയറി വകുപ്പിലെ ക്ഷീരവിപണനവും, മൃഗ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണവകുപ്പിലെ കന്നുകാലിത്തീറ്റ ഫാക്ടറിയും ഉൾപ്പെടുത്തി കെ. എൽ. ഡി. ആൻഡ് എം. എം. ബോർഡിന് രൂപം കൊടുത്തു. ഓപ്പറേഷൻ ഫ്ളഡ് 2 നടപ്പിലാക്കുന്നതിനുവേണ്ടി 1983-ൽ കെ സി. ആൻഡ് എം. എം എഫ്. രൂപം കൊണ്ടപ്പോൾ പാൽ വിതരണ മേഖല കേരളാ മിൽക്ക് മാർക്കറ്റിംഗ് ബോർഡിൽനിന്നും ഫെഡറേഷനിലേക്ക് മാറേണ്ടി വന്നു. വ്യാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളൊന്നും കെ. എൽ. ഡി. ആൻഡ് എം. എം. ബോർഡ് ഇപ്പോൾ കൈകാര്യം ചെയ്യുന്നില്ല. അതുകൊണ്ട് പൊതു താല്പര്യം മുൻനിറുത്തി ട്രാവൻകൂർ കൊച്ചിൻ ലിറ്ററേറി സയൻറിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ പരിധിയിലുള്ള ഒരു സ്ഥാപനമായി രജിസ്റ്റർ ചെയ്യാൻ ആലോചനയുണ്ട്, ഈ മാറ്റങ്ങളെല്ലാം തന്നെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി വരുത്തിയിട്ടുള്ളതാണ്. എന്നാൽ ഇതു നിമിത്തം സർക്കാർ വകുപ്പിൽ നിന്നും ബോർഡിലേക്ക് എടുത്ത ഉദ്യോഗസ്ഥൻമാരുടെ സേവന വേതന വ്യവസ്ഥകൾക്ക് ദോഷം വരാവുന്ന രീതിയിൽ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ഇതിനകം പെൻഷൻ പറ്റിയവർക്ക് സർക്കാർ ജീവനക്കാർക്ക് എന്നപോലെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകിയിട്ടുണ്ട്. ഇനിയും അവർക്ക് ദോഷമായ രീതിയിൽ സേവന വേതന വ്യവസ്ഥകളിൽ മാറ്റം ഉണ്ടാക്കാൻ പോകുന്നില്ല.

ശ്രീ. ഇ. പത്മനാഭൻ : സർ, എന്റെ ചോദ്യം അതല്ല. അദ്ദേഹം പലപ്പോഴും ഓരോന്നു പറയാറുണ്ട്. ജീവനക്കാരെയോ അവരുടെ സംഘടനാ പ്രതിനിധികളെയോ വിളിച്ച് എന്താണ് ഗവൺമെന്റിന്റെ സ്കീമെന്നും എന്താണ് സംഭവിക്കുന്നതെന്നും ഇതുകൊണ്ട് എന്തു മാറ്റമാണ് ഉദ്ദേശിക്കുന്നതെന്നും പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതാണ് ഇതുവരെ പറഞ്ഞത്.

(.) വെങ്ങോല പഞ്ചായത്തിലെ സർക്കാർ ആശുപത്രിയുടെ നിർമ്മാണം

ശ്രീ. പി. പി. തങ്കച്ചൻ : സർ, എന്റെ നിയോജകമണ്ഡലമായ വെങ്ങോല പഞ്ചായത്ത് വളരെയേറെ ഹരിജനങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്താണ്. എന്റെ അറിവ് ശരിയാണെങ്കിൽ എറണാകുളം ജില്ലയിലെ ഏറ്റവും കൂടുതൽ ഹരിജനങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്താണ് ഈ വെങ്ങോല പഞ്ചായത്ത്. സ്പെഷ്യൽ കംപോണൻറ് പ്ലാൻ സ്കീമനുസരിച്ച് ഈ പഞ്ചായത്തിലെ ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ് എന്നിവർക്കെല്ലാം കൂടുതൽ പ്രയോജനം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെൻറിൽ നിന്നും 100 കിടക്കകളുള്ള ഒരു വലിയ ആശുപത്രിക്ക് അനുവാദം കിട്ടിയത്. കേരളത്തിൽത്തന്നെ ഒരു പക്ഷേ സ്പെഷ്യൽ കംപോണൻറ് പ്ലാൻ സ്കീമനുസരിച്ച് ആദ്യമായിട്ടാണ് 100 കിടക്കകളുള്ള ഒരു ആശുപത്രിക്ക് അനുവാദം കിട്ടുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങനെ ഗവൺമെൻറിൽ നിന്ന് അനുവാദം കിട്ടുകയും ആ അനുവാദപ്രകാരം 50 കിടക്കകളുള്ള ഒരു വാർഡും അതോടൊപ്പം തന്നെ ഒരു ഒ. പി. ബ്ലോക്കും, ഓപ്പറേഷൻ തീയേറ്ററും, ഒരു ലേബർ റൂമും, ഒരു കിച്ചൺ ബ്ലോക്കുമെല്ലാം കൂടി ചേർന്ന അതിന്റെ ആദ്യത്തെ സ്റ്റേജ് 31 ലക്ഷം രൂപ ചെലവ് വരുന്നതും രണ്ടാമത്തെ സ്റ്റേജായ 60 കിടക്കകളുള്ള വാർഡിനു പുറകിലേയ്ക്ക് 22 ലക്ഷം രൂപ ചെലവു വരുന്നതുമാണ്. അങ്ങനെ മൊത്തം 53 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly